# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 830 30/06/2015 ലെ മറുപടിയ്ക്ക്

**<u>മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ ഭൂമി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ മൂന്നേക്കർ സ്ഥലം ലഭ്യമാക്കുവാൻ അനുമതി നൽകിക്കൊണ്ടുള്ള ജലവിഭവ വകുപ്പിന്റെ കത്ത് കോഴിക്കോട് പ്രോജക്ട് ചീഫ് എഞ്ചിനീയർക്ക് നൽകിയത് എപ്പോഴാണ് എന്നുള്ള വിവരം നല്കുമോ ; | (എ) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ മൂന്നേക്കർ സ്ഥലം ലഭ്യമാക്കുവാൻ അനുമതി നൽകിക്കൊണ്ടുള്ള ജലവിഭവ വകുപ്പിന്റെ കത്ത് 28/11/2013 തീയ്യതിവെച്ച് കോഴിക്കോട് പ്രോജക്ട് ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ട്. |
| (ബി)പ്രസ്തുത കത്ത് പ്രകാരം തുടർനടപടി ആവശ്യപ്പെട്ട് എം.എൽ.എയും റവന്യൂ അധികൃതരും നൽകിയ കത്തുകൾ പ്രകാരം പഴശ്ശി പ്രോജക്ട് ഉദ്യോഗസ്ഥർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ; | (ബി) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി പഴശ്ശി പ്രോജക്ടിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിന് വേണ്ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പുമായി പഴശ്ശി പദ്ധതി ഡിവിഷൻ അധികൃതർ കത്തിടപാടുകൾ നടത്തിവരികയാണ്. അവസാനമായി 1/6/2015- ൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) ജലസേചന വകുപ്പിൽ നിന്നും കാലതാമസം ഉണ്ടായതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ